# ചെത്തുതൊഴിലാളികളുടെ സംരക്ഷണം ആവശ്യപ്പെട്ട് നീരക്കെതിരെ തൊഴിലാളി സംഘടനകൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: നീരയുടെ ഉത്പാദനവും വിപണനവും കേരകർഷക സംഘങ്ങളെ ഏൽപ്പിക്കുന്നതിനെതിരെ ചെത്തു തൊഴിലാളി സംഘടനകൾ. ആദ്യം കള്ളു വ്യവസായത്തെ സംരക്ഷിക്കുകയും ഇത് കാലക്രമത്തിൽ നീരയിലേക്ക് മാറുന്ന വിധവുമായിരിക്കണം നടപടികളെന്ന് ഇവർ ആവശ്യപ്പെടുന്നു.

നീര ഉത്പാദനത്തെപ്പറ്റി കഴിഞ്ഞദിവസം വിദഗ്ധ സമിതി നൽകിയ റിപ്പോർട്ടിൽ ഈ ആവശ്യമുന്നയിച്ചാണ് സമിതി അംഗങ്ങളായ തൊഴിലാളി സംഘടനാ പ്രതിനിധികൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. കള്ള് വ്യവസായം സംരക്ഷിച്ചുകൊണ്ടുമാത്രമെ നീരയുടെ ഉത്പാദനം തുടങ്ങാവൂ എന്നാണ് ഇവരുടെ ആവശ്യം.

ഐ.എൻ.ടി.യു.സി യെ പ്രതിനിധികരിച്ച് എൻ.അഴകേശൻ, സി.ഐ.ടി.യു നേതാവ് കെ.എം.സുധാകരൻ, എ.ഐ.ടി.യു.സി യൂണിയന്റെ ജനറൽ സെക്രട്ടറി ടി. എൻ.രമേശൻ, ബി.എം.എസ് യൂണിയന്റെ ജനറൽ സെക്രട്ടറി എം.കെ. ഉണ്ണിക്കൃഷ്ണൻ എന്നിവരായിരുന്നു സമിതിയിലുണ്ടായിരുന്നത്.

പരമ്പരാഗത വ്യവസായം എന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെയും കേരകൃഷിക്കാരെയും സംയോജിപ്പിച്ചുകൊണ്ടാവണം സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസി രൂപവത്കരിക്കേണ്ടതെന്നാണ് ഐ.എൻ.ടി.യു.സിയുടെ വിയോജനക്കുറിപ്പ്. നിലവിലുള്ള കള്ള് ചെത്ത് തൊഴിലാളികളെ സംരക്ഷിക്കുകയും വേണം.

സംസ്ഥാന അടിസ്ഥാനത്തിൽ തൊഴിലാളികളുടെ കൂട്ടായ്മയാവണം ഇത് നടത്തേണ്ടതെന്ന് സി.ഐ.ടി.യു അഭിപ്രായപ്പെടുന്നു. ലാഭകരമായി നീര ഉത്പാദനം സാധ്യമാണെന്ന് തെളിയിച്ചിട്ടില്ല. നാളികേരത്തിന്റെ വിലയിടിവും തെങ്ങിനുണ്ടാവുന്ന രോഗങ്ങളുമാണ് പ്രധാന പ്രശ്നങ്ങൾ. ഇതാണ് പരിഹരിക്കപ്പെടേണ്ടത്.

കള്ള് -നീര വ്യവസായ ബോർഡ് രൂപവത്കരിച്ച് കള്ളിന്റെയും നീരയുടെയും ഉത്പാദനം ഇതിന്റെ കീഴിലാക്കണമെന്നാണ് എ.ഐ.ടി.യു.സി യുടെ അഭിപ്രായം.

നാളികേര വികസന ബോർഡിന്റെ കീഴിലുള്ള സൊസൈറ്റികളെയോ ഫെഡറേഷനുകളെയോ നീരചെത്ത് ഏൽപ്പിച്ചാൽ നിരവധി സാമൂഹ്യ പ്രശ്നങ്ങളുണ്ടാവുമെന്ന അഭിപ്രായമാണ് ബി.എം.എസ് രേഖപ്പെടുത്തിയത്. അതുകൊണ്ട് നീരയുടെ ഉത്പാദനവും സംഭരണവും വിതരണവും സർക്കാർ നേരിട്ടോ സർക്കാരിന്റെ ഏജൻസികളോ നടത്തണം.

എന്നാൽ 2014 ഏപ്രിൽ ഒന്നിന് ആസിയാൻ കരാർ നിലവിൽ വരികയാണ്. അപ്പോൾ ആസിയാൻ രാജ്യങ്ങളിൽ നിന്ന് നിയന്ത്രണമില്ലാതെ നീര ഇറക്കുമതി ചെയ്യാൻ തുടങ്ങും. ഈ സാഹചര്യത്തിൽ നീര ഉത്പാദിപ്പിക്കുന്നതിൽ നിന്ന് സംസ്ഥാനത്തിന് ഇനിയും പുറം തിരിഞ്ഞുനിൽക്കാനാവില്ലെന്ന് സമിതി ചെയർമാനായ എക്സൈസ് കമ്മിഷണർ അനിൽ സേവ്യർ പറയുന്നു.